(സി) ഖരമാലിന്യങ്ങളിൽനിന്നും പുനരുപയോഗത്തിനുള്ളതും ജീർണ്ണിക്കാത്തതുമായ വസ്തുക്കൾ വേർതിരിച്ചശേഷം ബാക്കിയുള്ളവ ജൈവവളമായി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ വിവിധ നഗര സഭകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഒരു പ്ലാന്റ് കോഴിക്കോട് നഗരസഭയിൽ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

142 (699) പാർവതി പുത്തനാറിന്റെ ശുചീകരണ പ്രവർത്തനങ്ങൾ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവതിപുത്തനാറിന്റെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രി ഈ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുമ്പോൾ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞിരുന്നോ; എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(സി) ഈ പദ്ധതിയ്ക്കുള്ള ഫണ്ട് ഏത് വിധത്തിൽ ലഭ്യമാക്കി എന്ന് വിശദമാക്കുമോ;

(ഡി) ഈ വർഷം എത്ര രൂപ ഈ പദ്ധതിയ്ക്കായി നീക്കിവച്ചു; അതിൽ എന്തു തുക ചെലവാക്കി;

(ഇ) പാർവതിപുത്തനാർ ശുചീകരിച്ച് അതിലൂടെ വാട്ടർ ട്രെയിൻ ഓടിക്കുന്നതിനുള്ള ഒരു പ്രോജക്ട് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഉത്തരം

(എ) ഇല്ല.

(ബി) തിരുവനന്തപുരം നഗരസഭ പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് തുക 31,85,000 രൂപയായിരുന്നു.

(സി) ഈ പദ്ധതിയ്ക്കുള്ള ഫണ്ട് 1998-99 ലെ ജനകീയാസൂത്രണ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) ഈ വർഷം തിരുവനന്തപുരം നഗരസഭ പദ്ധതി വിഹിതത്തിൽ 39 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്; അതിൽ 58175 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. പാർവതിപുത്തനാർ ശുചിയാക്കി ആക്കുളം മുതൽ വള്ളക്കടവുവരെയുള്ള ഭാഗത്ത് വാട്ടർട്രെയിലർ ഏർപ്പെടുത്താനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly